പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1601** | **04/12/2018-ൽ മറുപടിയ്ക്ക്**

## പെൻഷനും ആനുകൂല്യങ്ങളും നൽകാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റോജി.എം.ജോൺ : | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്ത് കവടിയാറിലുള്ള സംസ്ഥാന ഫാം ഇൻഫർമേഷൻ ബ്യൂറോ ഓഫീസിലെ ഏത് തസ്തികയിൽ നിന്നാണ് ശ്രീമതി.സി.വസന്തകുമാരി, ശ്രീഗോവിന്ദം, ചെറിയ കുഴിയാംവിള, ശാന്തിപുരം, മുല്ലൂർ.പി.ഒ, റിട്ടയർ ചെയ്തതെന്ന് വ്യക്തമാക്കാമോ; | (എ) ശ്രീമതി.സി.വസന്തകുമാരി, ശ്രീഗോവിന്ദം, ചെറിയ കുഴിയാംവിള, ശാന്തിപുരം, മുല്ലൂർ.പി.ഒ, ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ പബ്ലിക്കേഷൻ ഓഫീസർ തസ്തികയിൽ നിന്നും 31.07.2018 ന് വിരമിച്ചു. |
| (ബി) ശ്രീമതി.വസന്തകുമാരിയുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (ബി)പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി ശ്രീമതി.വസന്തകുമാരിയ്ക്ക് ബാദ്ധ്യത/ ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ് നൽകുന്നതിനായി ഇരുന്നൂറു രൂപയുടെ സമ്മതപത്രം (ബോണ്ട്) സമർപ്പിക്കണമെന്ന് 04.10.2018-ൽ ക്ഷീര വികസന വകുപ്പ് ഡയറക്ടർക്കും ശ്രീമതി.വസന്തകുമാരിയ്ക്കും ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. ശ്രീമതി.വസന്തകുമാരിയുടെ സമ്മതപത്രത്തിന്റെ അസ്സൽ പകർപ്പ് ക്ഷീരവികസന ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും ബാദ്ധ്യത/ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ് നൽകുന്നതാണ്. |
| (സി) ശ്രീമതി.വസന്തകുമാരിയ്ക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് നൽകേണ്ട ചുമതല ആർക്കാണെന്ന് പേരും തസ്തികയും ഉൾപ്പെടെ വ്യക്തമാക്കാമോ ; | (സി) കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ പബ്ലിക്കേഷൻ ഓഫീസറുടെ തസ്തികയിൽ ക്ഷീര വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ കേഡറിലുള്ള ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്. അപ്രകാരം മാതൃവകുപ്പായ ക്ഷീരവികസന വകുപ്പിലെ ഡയറക്ടർ (നിലവിൽ ശ്രീ.എബ്രഹാം.റ്റി.ജോസഫ്) ശ്രീമതി.വസന്തകുമാരിയ്ക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത ആനുകൂല്യം നൽകുന്നതിന് ഏതെങ്കിലും കോടതി ഉത്തരവ് ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (ഡി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കേണ്ടത് മാതൃവകുപ്പായ ക്ഷീരവികസന വകുപ്പായതിനാൽ മേൽ വിഷയവുമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.10.2018 ലെ OA 1767/2018 ഉത്തരവിലെ നിർദ്ദേശങ്ങൾ ക്ഷീര വികസന വകുപ്പിൽ പരിശോധിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തിയിട്ടുള്ളതായും ക്ഷീര വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഇ) നിയമപരമായി നൽകാനുള്ള ആനുകൂല്യം കോടതിവിധി ഉണ്ടായിട്ടും നൽകാത്ത ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പലിശയും കോടതിച്ചെലവും ഈടാക്കി പെൻഷണർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ